

TUESDAY 05-10-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -05/10/2021

1. പതിനാലാം പഞ്ചവത്സര പദ്ധതിയുമായും 2022 - 23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നതിനായി നിലവിലെ പദ്ധതികളിൽ ഭേദഗതികളും മാറ്റങ്ങളും ആവശ്യമുണ്ടെന്ന സാഹചര്യത്തിൽ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നവീന ആശയങ്ങളും വാർത്തകളും പുരോഗമന കർഷകരിൽനിന്നും കാർഷിക മേഖലയിലെ മറ്റ് ഇതര വിഭാഗങ്ങളിൽ നിന്നും ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച ആശയങ്ങളും ശുപാർശകളും സമർപ്പിക്കുവാൻ താല്പര്യമുള്ളവർ താഴെ പറയുന്ന വാട്സ്ആപ്പ് നമ്പരുകളിലൂടെ 06.10.2021 തീയതിക്കുള്ളിൽ അറിയിക്കേണ്ടതാണ്.

| ജില്ല | വാട്സ് ആപ്പ് നമ്പർ |
|---|---|
| തിരുവനന്തപുരം | 9447242231 |
| കൊല്ലം | 9446082795 |
| പത്തനംതിട്ട | 9495682793 |
| ആലപ്പുഴ | 9495211432 |
| കോട്ടയം | 9383470706 |
| എറണകുളം | 9446502252 |
| ഇടുക്കി | 9447980027 |

| ജില്ല | വാട്സ് ആപ്പ് നമ്പർ |
|---|---|
| തൃശ്ശൂർ | 9446537419 |
| മലപ്പുറം | 9447596515 |
| പാലക്കാട് | 9745311595 |
| കോഴിക്കോട് | 9383471781 |
| കണ്ണൂർ | 9400528619 |
| വയനാട് | 9447186498 |
| കാസർഗോഡ് | 9744961357 |

2. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ചു സസ്യങ്ങളുടെ വളർച്ച കൂട്ടുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, പത്തു ഗ്രോ ബാഗിന് ആവശ്യമായ എല്ലാ വളക്കൂട്ടുകളും അടങ്ങിയ ഏക കിറ്റ്, മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെയുള്ള പോച്ചോണിയ,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പെസീലിയോമൈസസ്, ജൈവ പൊട്ടാഷ് വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വാം അഥവാ മൈക്കൊറൈസ പുഴുക്കൾ, വാഴയുടെ പിണ്ടിപ്പുഴു എന്നിവക്ക് എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോ ന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറി വിത്തുകളായ ചീര,വെള്ളരി, വെണ്ട, പാവൽ, പടവലം, മത്തൻ, വള്ളിപ്പയർ, വഴുതന, പീച്ചിൽ, കമ്പോസ്റ്റ് വളങ്ങൾ, ആട്ടിൻ കാഷ്ടത്തിൻ വളം, മാവിനും പച്ചക്കറികൾക്കും ഉള്ള കായീച്ചകെണി, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾക്ക് എതിരെയുള്ള ജൈവകീടനാശിനി രക്ഷ, കാബേജ്, ചിപ്പി കൂൺ വിത്തിന്റെ ഓർഡറുകൾ, വളർച്ചാ ത്വരകമായ ഹ്യു പ്ലസ്, വിവിധ വിളകളെ സംബന്ധിച്ചുള്ള സർവകലാശാല പുസ്തകങ്ങൾ എന്നിവ ഇവിടെ നിന്നും ലഭിക്കും. ഇതോടൊപ്പം, കേരള കാർഷിക സർവകലാശാലയുടെ ഉത്പന്നങ്ങൾ കവുങ്ങിൻ തൈ, ഗ്രാമ്പു തൈ എന്നിവയും വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **കാർഷിക ഉൽപ്പന്ന പ്രോസസിംങ്ങ് യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനായി** ധനസഹായം നൽകുന്നു. കർഷകർ/കർഷകഗ്രൂപ്പ്/സ്വയം സഹായ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവർക്ക് അപേക്ഷിയ്ക്കാം. പരമാവധി 50% ആണ് ധനസഹായം നൽകുന്നത്. ബാക്കി തുകയിൽ 40% സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), സ്മാം (SMAM) എന്നീ പദ്ധതികളിൽ നിന്നും കണ്ടെത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് തലത്തിൽ ഒരു കർഷകമിത്രയെ തിരഞ്ഞെടുക്കുന്നു. കാർഷിക അടിസ്ഥാനമുള്ള കുടുംബത്തിൽ ഉള്ളവർക്ക് മുൻഗണന ലഭിയ്ക്കുന്നതാണ്. അപേക്ഷകൾ **ഈ മാസം ആറാം** തീയതിയ്ക്കു മുൻപായി അതാത് കൃഷിഭവനുകളിലോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലോ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുമായോ/ കൃഷിഭവനുമായോ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. റബ്ബർബോർഡിലെ ഇലക്ട്രാണിക് ഡേറ്റ പ്രോസസിംഗ് ഡിവിഷനിൽ പ്രോഗ്രാമർ ആയി താത്കാലികാടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക്-ഇൻ-ഇന്റർവ്യു നടത്തുന്നു. അപേക്ഷകർക്ക് എഞ്ചിനീയറിംഗ് ( കമ്പ്യൂട്ടർ സയൻസ്/ഐ.റ്റി) ബിരുദം അഥവാ എം.സി.എ. ബിരുദം ഉണ്ടായിരിക്കണം. കോട്ടയത്തുള്ള രണ്ട് ഒഴിവുകളിലേക്കാണ് നിയമനം. അപേക്ഷകർക്ക് 2021 ജനുവരി 1-ന് 28 വയസ്സ് കഴിയുവാൻ പാടില്ല. താല്പര്യമുള്ളവർ  ഒക്ടോബർ 20=ന് രാവിലെ 10-ന് കോട്ടയത്തുള്ള റബ്ബർബോർഡിന്റെ  കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481–2301231** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ പശുക്കൾക്കും എരുമകൾക്കും മൃഗസംരക്ഷണവകുപ്പ് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. ഒക്ടോബർ 6 മുതൽ നവംബർ 3 വരെ നടത്തുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീട്ടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൌജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. റബ്ബർബോർഡ് റബ്ബർകൃഷിയിൽ ഓൺലൈൻ പരിശീലനം നൽകുന്നു. **നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, നടീൽവസ്തുക്കളുടെ നിർമാണം, തോട്ടംപരിപാലനം, ടാപ്പിങ്, റബ്ബർപാൽസംസ്കരണം** തുടങ്ങിയവയാണ് നാളെ മുതൽ 08 വരെ (ഒക്ടോബർ 6 മുതൽ 8 വരെ) നീണ്ടു നിൽക്കുന്ന ത്രിദിന പരിശീലന പരിപാടിയിലെ വിഷയങ്ങൾ. എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ***04812353127*** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 07,08 തീയതികളിൽ (07.10.2021, 08.10.2021) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിലും 13-ന് (13.10.2021) തീറ്റപ്പുൽകൃഷി എന്ന വിഷയത്തിലും സൗജന്യ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ **04829 - 234323** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 7-ന് (ഒക്ടോബർ 07-ന്) **ഇറച്ചിക്കോഴി വളർത്തൽ, 12ന് തീറ്റപ്പുൽക്കൃഷി, 16-ന് താറാവു വളർത്തൽ** എന്നീ വിഷയങ്ങളിൽ **ഇൻക്യാമ്പസ് ട്രെയിനിംഗും നായ്ക്കളുടെ ആരോഗ്യപരിപാലനം** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനം നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 തീയതികളിൽ മുട്ടക്കോഴിവളർത്തൽ, 12,13 തീയതികളിൽ എരുമ വളർത്തൽ, 21 ന് കാട വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 - 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 7-ന് (സെപ്റ്റംബർ 28 ന്) രാവിലെ 11 മണിക്ക് ഭര**ണസമിതി അംഗങ്ങൾ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/esm-uyaj-pni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0492 - 2226040** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം